I/261472/2024

തദ്ദേശ സ്വയംഭരണ വകുപ്പ്
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
കളക്ടേറ്റ് പി. ഒ., കോട്ടയം - 686002
ഫോൺ: 0481-2560282
*e-mail: jdlsgdktm@gmail.com*
തീയതി:12-04-2024

<u>കുറ്റാരോപണ മെമ്മോ</u>

താങ്കൾ വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്കായി ജോലി ചെയ്തു വരവേ അനുബന്ധ കുറ്റാരോപണ പത്രികയിൽ വിവരിക്കും പ്രകാരമുള്ള അച്ചടക്കരാഹിത്യത്തിനും കൃത്യവിലോപത്തിനും അനധികൃത ഹാജരില്ലായ്മയ്ക്കും ഉത്തരവാദിയാകയാൽ താങ്കൾ ക്കെതിരായി 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കാൻ മതിയായ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ മെമ്മോകൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള എതിർ വാദവിവര പത്രികയൊന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ എതിർവാദമൊന്നും ഇല്ലായെന്ന അനുമാനത്തിൽ അച്ചടക്ക നടപടി തുടരുന്നതാണ്.

താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട് ഈ ഓഫീസിലെ രേഖകൾ എതിർവാദ പത്രിക സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മുമ്പായി താങ്കളുടെ മുൻകൂട്ടിയുള്ള അപേക്ഷ പ്രകാരം നിശ്ചയിക്കുന്ന തീയതിയിൽ ബന്ധപ്പെട്ട ആഫീസ് മേധാവികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്. നേരിൽ കാര്യം ബോധിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

വിശദമായ കുറ്റാരോപണ പത്രിക അനുബന്ധമായി ചേർക്കുന്നു.

Shaji Clement

JOINT DIRECTOR

തദ്ദേശസ്വയംഭരണ വകുപ്പ്,

കോട്ടയം

പകർപ്പ്

I/261472/2024

1) ശ്രീ ആഷിക് എം,

ക്ലർക്ക്,

വെള്ളാവൂർ ഗ്രാമപഞ്ചായത്ത്.

(സെക്രട്ടറി, വെള്ളാവൂർ ഗ്രാമപഞ്ചായത്ത് മുഖേന)

2) സെക്രട്ടറി,

വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

(കുറ്റാരോപണ മെമ്മോയുടെ 3പകർപ്പുകൾ അയക്കുന്നു.

ഒരു പകർപ്പ് ശ്രീ ആഷിക് എംന് നൽതേണ്ടതും

ഒരു പകർപ്പിൽ ടിയാളുടെ കൈയൊപ്പം കൈപ്പറ്റ തീയതിയും

രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതുമാണ്. )

2) കരുതൽ/അധികം

Signed by
Shaji Clement
Date: 12-04-2024 11:45:58

I/261497/2024

തദ്ദേശ സ്വയംഭരണ വകുപ്പ്
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
കളക്ടേറ്റ് പി. ഒ., കോട്ടയം - 686002
ഫോൺ: 0481-2560282
*e-mail: jdlsgdktm@gmail.com*
തീയതി:12-04-2024

## കുറ്റാരോപണ പത്രിക

വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ആയിരുന്ന ശ്രീ ആഷിക് എം ന് എതിരായുള്ള ആരോപണം

വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരവേ 23.12.2013 മുതൽ അഞ്ച് വർഷക്കാലത്തേക്കും പിന്നീട് 23.12.2018 മുതൽ അഞ്ചു വർഷത്തേക്കും കെ എസ് ആർ ഭാഗം 1 അപ്പെൻഡിക്സ് 12 എ പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ച താങ്കൾ അവധിയുടെ കാലാവധി കഴിഞ്ഞ ശേഷം 23.12.2023 മുതൽ ജോലിയിൽ പുനപ്രവേശിക്കുകയുണ്ടായില്ല.

ശൂന്യ വേതനാവധി ദീർഘിപ്പിക്കുന്നതിന് 15.12.2023 തീയതി രേഖപ്പെടുത്തി വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ താങ്കൾ സമർപ്പിച്ച അപേക്ഷയിൽ , ജി ഒ (പി) നമ്പർ 87/2022 ഫിൻ തീയതി 03.09.2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തുടർന്ന് ശൂന്യവേതനാവധി അനുവദനീയമല്ല എന്നതിനാൽ 23.12.2023 തീയതി ജോലിയിൽ പ്രവേശിക്കേണ്ടതാണെന്ന് വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി താങ്കളെ അറിയിച്ചിട്ടും 23.12.2023 മുതൽ ജോലിയിൽ പുനപ്രവേശിക്കുകയുണ്ടായില്ല.

മുൻകൂർ അനുമതിയില്ലാതെ ജോലിക്കു ഹാജരാകാതിരുന്നതിലൂടെ ഗുരുതരമായ അച്ചടക്ക രാഹിത്യവും , ചട്ടലംഘനവും അനധികൃത ഹാജരില്ലായ്മയും മുൻ നിർത്തി ഈ കുറ്റപത്രം നൽകുന്നു.

Shaji Clement
JOINT DIRECTOR

<u>കുറ്റപത്രത്തിന് ആധാരമായ രേഖ</u>

വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ
29.12.2023 തീയതിയിലെ റിപ്പോർട്ട്

Signed by
Shaji Clement
Date: 12-04-2024 12:01:31